കുളങ്ങളുടെ പുനരുദ്ധാരണം, ക്വാറികളുടെ പാരിസ്ഥിതിക പുനരുദ്ധാരണം, നദികളിലെ തനതു മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, വെള്ളായണി ശുദ്ധജല തടാകത്തിലെ ഗ്രീൻ ബെൽറ്റ് പദ്ധതി എന്നിവ നടപ്പിലാക്കി. ഇടുക്കി ജില്ലയിൽ ഐക്യരാഷ്ട്ര സഭയുടെ യു.എൻ.ഡി.പി. ഫണ്ട് ഉപയോഗിച്ച് 'മൂന്നാർ ലാന്റ് സ്കേപ്പ് പ്രോജക്ട് പാരമ്പര്യ അറിവ് ശേഖരണം ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 'ജൈവവൈവിധ്യ പരിപാലന സമിതികളിലൂടെ ഔഷധ സസ്യങ്ങളുടെ സ്വാഭാവിക ഉറവിടങ്ങളുടെ പരിപോഷണവും സുസ്ഥിര ശേഖരണവും വിളവെടുപ്പും മൂല്യവർദ്ധിത ഉൽപ്പന്നവൽക്കരണവും 'എന്ന പദ്ധതി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടപ്പിലാക്കുന്നു.

### മൺറോതുരുത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച സെമിനാർ

32 (4320) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന തണ്ണീർത്തട അതോറിറ്റി നിലവിൽ ഉണ്ടോ; എങ്കിൽ അതോറിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണ് ;

(ബി) സംസ്ഥാന പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പും സംസ്ഥാന തണ്ണീർത്തട അതോറിറ്റിയും ചേർന്ന് മൺറോതുരുത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് വിപുലമായ സെമിനാർ 2018-ൽ നടത്തിയിരുന്നോ;

(സി) പ്രസ്തുത സെമിനാറിനും ശില്പശാലയ്ക്കും എത്ര രൂപ ചെലവഴിച്ചു; ഇതിൽ സംസ്ഥാന തണ്ണീർത്തട അതോറിറ്റിയിലെ അംഗങ്ങൾ പങ്കെടുത്തിരുന്നോ; ഇവർക്ക്എത്ര രൂപ യാത്രാപ്പടി ഇനത്തിൽ നൽകി എന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത സെമിനാറിന്റെയും ശില്പശാലയുടെയും അടിസ്ഥാനത്തിൽ മൺറോതുരുത്തിനെ സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. അതോറിറ്റിയിലെ അംഗങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു. *

(ബി) മൺറോതുരുത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച ദ്വിദിന ശില്പശാല 2018 ഫെബ്രുവരി 18, 19 തീയതികളിൽ മൺറോതുരുത്തിലും കൊല്ലത്തും വച്ച് നടത്തിയിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ദ്വിദിന ശില്പശാലയുടെ നടത്തിപ്പിനായി ഏകദേശം 3.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ അംഗങ്ങൾ പങ്കെടുത്തിരുന്നു. സംസ്ഥാന തണ്ണീർത്തട അതോറിറ്റിയിലെ അംഗങ്ങൾക്ക് യാത്രാപ്പടിയൊന്നും നൽകിയിട്ടില്ല.

(ഡി) മൺറോതുരുത്തിനെ സംരക്ഷിക്കാൻ 75 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാന തണ്ണീർത്തട അതോറിറ്റിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഈ തുക മൺറോതുരുത്തിന്റെ സുസ്ഥിര വികസനത്തിനായി പ്രവർത്തിക്കുന്ന വിവിധ വകുപ്പുകൾക്ക് നൽകുവാനായി തീരുമാനം ആയിട്ടുണ്ട്. വിവിധ വകുപ്പുകൾ വഴി നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധം ആയി ചേർക്കുന്നു.*

## പാലക്കാട് ജില്ലയിലെ അന്തരീക്ഷ താപനില വർദ്ധന

33 (4321) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ അന്തരീക്ഷ താപനില ക്രമാതീതമായും അനിയന്ത്രിതമായും വർദ്ധിച്ചു വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ;

(ബി) അന്തരീക്ഷ താപനില വല്ലാതെ ഉയരുന്നതിനാൽ ഉണ്ടാവാൻ സാധ്യതയുള്ള ദുരന്തങ്ങൾ ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) അത്തരം ദുരന്ത സാധ്യതകൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനും ഒഴിവാക്കു ന്നതിനുമായി എന്തെല്ലാം നിർദ്ദേശങ്ങൾ ജില്ലാ ഭരണകൂടത്തിന് നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അതിനായി പാലക്കാട് ജില്ലയ്ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സൂര്യാഘാതത്തിനുള്ള സാധ്യത മുൻനിർത്തി വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽസമയം 2018 ഫെബ്രുവരി 22 മുതൽ ഏപ്രിൽ 30 വരെ പുനഃക്രമീകരിച്ചുകൊണ്ട് 21-2-2018 തീയതിയിലെ ഇ.എൻ.എഫ്.(2)/2216/2018 നമ്പർ പ്രകാരം ലേബർ കമ്മീഷണർ ഉത്തരവായിട്ടുണ്ട്. അപ്രകാരം പകൽ ഷിഫ്റ്റിൽ ജോലി ചെയ്യുന്നവർക്ക് ഉച്ചയ്ക്ക് 12.00 മണി മുതൽ 3.00 മണി വരെ വിശ്രമ വേളയായിരിക്കും. ഇവരുടെ ജോലി സമയം രാവിലെ 7.00 മണി മുതൽ വൈകുന്നേരം 7.00 മണി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly